**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 661** **28-06-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ താരിഫിൽ നിന്നുമുള്ള വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ താരിഫിൽ നിന്നുള്ള വരുമാനം എത്രയാണ്; ഇതിൽ അന്തർ സംസ്ഥാന വിൽപ്പന എത്രയാണ്; വ്യക്തമാക്കുമോ ; | (എ) | 2021-22 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ താരിഫിൽ നിന്നുള്ള വരുമാനം 15403.48 കോടി രൂപയാണ്. ഇതിൽ അന്തർ സംസ്ഥാന വിൽപ്പന 404 കോടി രൂപയാണ്. |
| (ബി) | 2022-23 ൽ നിലവിലുള്ള താരിഫ് അനുസരിച്ച് വരുമാനം എത്രയാകുമെന്നാണ് കെ.എസ്.ഇ.ബി. ബജറ്റ് എസ്റ്റിമേറ്റിൽ പറയുന്നത് എന്ന് വിശദമാക്കുമോ ; ഇത് നിലവിലെ താരിഫ് വരുമാനത്തിൽ നിന്നും എത്ര ശതമാനം വർദ്ധനവാണ് എന്ന് വ്യക്തമാക്കുമോ ; | (ബി) | 2022-23 ൽ നിലവിലുള്ള താരിഫ് അനുസരിച്ചുള്ള വരുമാനം 16851.73 കോടി രൂപയാണ്. ഇത് നിലവിലുള്ള താരിഫിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കിയിരിക്കുന്നത്. ഇത് റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന് വിധേയമായതിനാൽ താരിഫ് വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | വൈദ്യുതി വിതരണത്തിൽ വർദ്ധനവുണ്ടാകാതെ വരുമാനം മാത്രം എങ്ങനെ വർദ്ധിയ്ക്കുമെന്നു വ്യക്തമാക്കുമോ; | (സി) | വൈദ്യുതി വിതരണത്തിൽ 2021-22 ലെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 2022-23-ൽ 1280 മില്ല്യൺ യൂണിറ്റിന്റെ വർദ്ധനവാണ് കണക്കാക്കിയിരിക്കുന്നത്. |
| (ഡി) | കെ.എസ്.ഇ.ബി., വൈദ്യുതി റഗുലേറ്ററി കമ്മീഷന് സമർപ്പിച്ച കണക്കുകളിൽ നിന്നും വ്യത്യസ്തമാണോ ബജറ്റ് എസ്റ്റിമേറ്റിൽ പറയുന്നത് എന്ന് വ്യക്തമാക്കുമോ; എങ്കിൽ കാരണം വിശദമാക്കുമോ? | (ഡി) | വ്യത്യസ്ത ആവശ്യങ്ങൾക്ക് വ്യത്യസ്ത നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ ആണ് ബഡ്ജറ്റും, റെഗുലേറ്ററി കമ്മീഷന് മുൻപാകെ സമർപ്പിക്കുന്ന മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റും (എ.ആർ.ആർ). ആയതിനാൽ മുൻവർഷങ്ങളിലെ പോലെ 2022-23 ലും ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച എ.ആർ.ആർ.-ഉം തമ്മിൽ വ്യത്യാസമുണ്ട്.<br><br>ബഡ്ജറ്റിൽ ബോർഡിന്റെ മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ് കാണിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ, എ.ആർ.ആർ. കണക്കുകളിൽ ഉൾക്കൊള്ളിക്കുന്ന മുൻകാല റവന്യൂ ഗ്യാപ്പ്, റിട്ടേൺ |

| | | | |
|---|---|---|---|
| | | | ഓൺ ഇക്വിറ്റി, മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധിക തുക മുതലായവ കാണിക്കുന്നില്ല.<br><br>വൈദ്യുതി നിയമം 2003-ലെ 61-ാം വകുപ്പ് പ്രകാരം, കേരളാ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021 – ലെ വ്യവസ്ഥകൾ പ്രകാരം, 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള വൈദ്യുതി താരിഫ് പരിഷ്കരണത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ARR&ERC പെറ്റീഷൻ പ്രകാരമുള്ള പ്രതീക്ഷിത റവന്യൂ ഗ്യാപ്പ് 2852.58 കോടി രൂപയാണ്. 2022-23 ൽ 496.20 കോടി രൂപയുടെ ലാഭം ഉണ്ടാവും എന്ന നിലയിലാണ്, കെ.എസ്.ഇ.ബി.യുടെ ബഡ്ജറ്റ് മാനുവൽ അനുസരിച്ച്, 2022-23-ലെ ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി, സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണ ശൃംഖല ശാക്തീകരണ ഫലമായി കൂടുതൽ വൈദ്യുതി വില്പന ലക്ഷ്യം വച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്.<br><br>വ്യത്യസ്ത (നിയമാനുസൃതമായ) ആവശ്യങ്ങൾക്കായി, വ്യത്യസ്ത നിയമങ്ങളും ചട്ടങ്ങളും പ്രകാരവും, വ്യവസ്ഥാപിത മാനദണ്ഡങ്ങൾ പ്രകാരവും തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ ആണ് ബഡ്ജറ്റും, എ.ആർ.ആർ. പെറ്റീഷനും. ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ തയ്യാറാക്കുന്നതിനാൽ ഈ കണക്കു കൂട്ടലുകളിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടായേക്കാമെന്നതിനാൽ, പ്രതീക്ഷിത റവന്യൂ ഗ്യാപ്പിലും ലാഭ-നഷ്ട കണക്കിലും വ്യത്യാസമുണ്ടാകുമെങ്കിലും ഇവ പൊരുത്തക്കേടുള്ളതായി ഗണിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ